വർഷം	വായ്പതുക (രൂപ കോടിയിൽ)
1996-1997	547.38
1997-1998	931.08
1998-1999	1,278.52
1999-2000	849.73
2000-2001	1,303.56

വൈദ്യുതി ബോർഡിന്റെ നഷ്ടം നികത്താൻ നടപടി

111 (1652) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ വൈദ്യുതി കുടിശ്ശിക അടയ്ക്കാത്ത സാഹചര്യത്തിൽ വൈദ്യുതി ബോർഡിന്റെ നഷ്ടം നികത്താൻ ബോർഡ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

താഴെ പറയുന്ന നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

1. വൈദ്യുതി ബോർഡിന്റെ ആകമാനമുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുക
2. പിരിഞ്ഞു കിട്ടാനുള്ള തുക കർശനമായ നടപടികളിലൂടെ പിരിച്ചെടുക്കുക
3. ഭരണപരമായ ചെലവുകൾ കുറയ്ക്കുക
4. കൂടുതൽ വിലയുള്ള വൈദ്യുതി വാങ്ങുന്നത് നിയന്ത്രിക്കുക
5. പ്രസരണ-വിതരണ രംഗത്തെ നഷ്ടം കുറയ്ക്കുക

കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ

112 (1653) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. വൈദ്യുത ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ. എസ്. ഇ. ബി. ക്ക് കറന്റ് ചാർജ് ഇനത്തിൽ 50,000 രൂപയ്ക്ക് മുകളിൽ കുടിശ്ശിക വരുത്തിയിട്ടുള്ള എത്ര സ്വകാര്യസ്ഥാപനങ്ങളുണ്ട് ;

(സി) അവയുടെ പേര് വിവരം വ്യക്തമാക്കുമോ ;

(ഡി) റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച കേസുകളുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly